**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 257** **23-08-2022 - ൽ മറുപടിയ്ക്ക്**

**അവയവമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അവയവമാറ്റവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (എ) | **സർക്കാരിന്റെ കീഴിൽ മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി നിലവിലുണ്ട്. അവയവദാനവും അവയവ കൈമാറ്റവും കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിക്കുകയും ആയത് 1955 ലെ തിരുവിതാംകൂർ-കൊച്ചി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന അവയവദാന രജിസ്ട്രി തയ്യാറായി വരുന്നുണ്ട്. ഈ രജിസ്ട്രി നിലവിൽ വരുന്നതോടെ ഈ പദ്ധതി മുഖേനയുള്ള അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകുന്നതാണ്. അവയവമാറ്റ ശസ്ത്രക്രിയ പരിപോഷിപ്പിക്കുന്നതിലേക്കായി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് 26.06.2022 ലെ സ.ഉ.(സാധാ) നം.1522/2022/ആകുവ പ്രകാരം 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.** |
| (ബി) | അവയവമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയുന്നതിനും അവയവ കച്ചവടം നിയന്ത്രിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | **18.06.2022 ലെ സ.ഉ.(അച്ചടി) നം.24/2022/ആകുവ പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ 1994 ലെ മനുഷ്യാവയവ കൈമാറ്റ നിയമത്തിന്റെ കീഴിൽ അപ്രോപ്രിയേറ്റ് അതോറിറ്റിയായി നിയമിച്ചും കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ ഓഫീസ് അപ്രോപ്രിയേറ്റ് അതോറിറ്റിയുടെ ഓഫീസായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയവമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, അവയവ കച്ചവടം, മനുഷ്യാവയവ** |

| | | | |
|---|---|---|---|
| | | | **കൈമാറ്റ നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം എന്നിവയെക്കുറിച്ചുള്ള പരാതി അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ അപ്രോപ്രിയേറ്റ് അതോറിറ്റിയ്ക്ക് കഴിയുന്നതാണ്.** |
| (സി) | അവയവമാറ്റത്തിനായി സർക്കാർ തലത്തിൽ പ്രത്യേക സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) | **അവയവദാന കൈമാറ്റ പ്രക്രിയകൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനും കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിക്കുകയും ആയത് 1955 ലെ തിരുവിതാംകൂർ-കൊച്ചി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മൃതസഞ്ജീവനി ഉൾപ്പടെ അവയവമാറ്റവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളും കെ-സോട്ടോ മുഖേന പ്രവർത്തിക്കുന്നതാണ്. നിലവിൽ കെ-സോട്ടോയുടെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്ന മുറയ്ക്ക് അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്ന സർക്കാർ തലത്തിലെ ഓഫീസായി പ്രവർത്തിക്കുവാൻ കെ-സോട്ടോയ്ക്ക് കഴിയുന്നതാണ്.** |
| (ഡി) | പ്രസ്തുത സംവിധാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും അവ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (ഡി) | **അവയവദാന കൈമാറ്റ പ്രക്രിയകൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനും കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിക്കുകയും ആയത് 1955 ലെ തിരുവിതാംകൂർ-കൊച്ചി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മൃതസഞ്ജീവനി ഉൾപ്പടെ അവയവമാറ്റവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളും കെ-സോട്ടോ മുഖേന പ്രവർത്തിക്കുന്നതാണ്. നിലവിൽ കെ-സോട്ടോയുടെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്ന മുറയ്ക്ക് അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്ന സർക്കാർ തലത്തിലെ ഓഫീസായി പ്രവർത്തിക്കുവാൻ കെ-സോട്ടോയ്ക്ക് കഴിയുന്നതാണ്.** |

സെക്ഷൻ ഓഫീസർ